**13-ാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1239 08.02.2013 ൽ മറുപടി പറയേണ്ടത്

**റവന്യൂ കെട്ടിട നികുതി**

**ചോദ്യം**

ശ്രീ.ചിറ്റയം ഗോപകുമാർ

**ഉത്തരം**

ശ്രീ.അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

**എ)** റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട കെട്ടിടനികുതി കുടിശ്ശിക ഒരു വർഷത്തിലധികമായി നിലവിലുള്ളത് ഗാർഹിക/വ്യാവസായിക ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ

**എ)** അനുബന്ധമായി ചേർത്തിട്ടുണ്ട്.

**ബി)** യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുവാൻ കഴിയാത്ത കാരണത്താൽ കെട്ടിട നികുതി ഈടാക്കലിൽ നിന്ന് ഒഴിവായിട്ടുള്ള കെട്ടിടങ്ങളെ കണ്ടെത്തുന്നതിന് പ്രത്യേകമായ ഒരു സംവിധാനം നടപ്പിൽ വരുത്തുന്നതിന് തയ്യാറാകുമോ

**ബി)** കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉള്ളതും ഏറ്റവും കൂടുതൽ കേസുകൾ കുടിശ്ശിക ആയിട്ടുള്ളതുമായ പത്ത് പതിനഞ്ച് താലൂക്കുകളിൽ കെട്ടിട നികുതി പിരിക്കുന്നതിന് പ്രത്യേക സംഘത്തെ നിയോഗിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു.

**സി)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിർമ്മാണാനുമതി കെട്ടിടങ്ങൾക്ക് നൽകുന്നതിനോടൊപ്പം അനുബന്ധ വിവരം യഥാസമയം റവന്യൂ വകുപ്പിലേക്ക് അറിയിക്കുന്നതിനുള്ള ക്രമീകരണം നടപ്പിലാക്കുന്നതിലൂടെ റവന്യൂ കെട്ടിട നികുതി ഒഴിവാക്കപ്പെടുന്നതിനുള്ള സാധ്യത പൂർണ്ണമായും കുറയ്ക്കാമെന്നതിനാൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നത് പരിഗണിക്കുമോ

**സി)** റവന്യൂ കെട്ടിട നികുതി ഒഴിവാക്കപ്പെടുന്നതിനുള്ള സാദ്ധ്യത കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

**ജില്ലതിരിച്ചുള്ള കെട്ടിട നികുതി കുടിശ്ശിക വിവരം** **<u>അനുബന്ധം</u>**

| ജില്ല | ഗാർഹിക ഇനം | വ്യാവസായിക ഇനം |
|---|---|---|
| തിരുവനന്തപുരം | 37,65,442/- | 42,44,413/- |
| കൊല്ലം | 23,250/- | 15,000/- |
| പത്തനംതിട്ട | 19,25,900/- | 4,70,400/- |
| ആലപ്പുഴ | 2,33,070/- | 3,58,350/- |
| കോട്ടയം | 9,99,507/- | 29,62,900/- |
| ഇടുക്കി | 2,37,313/- | 18,32,685/- |
| എറണാകുളം | 1,85,108/- | 10,70,544/- |
| തൃശ്ശൂർ | 11,19,235/- | 2,71,41,734/- |
| പാലക്കാട് | 2,95,450/- | 74,35,228/- |
| മലപ്പുറം | 99,750/- | 1,55,000/- |
| കോഴിക്കോട് | 28,39,150/- | 55,12,855/- |
| വയനാട് | 3,75,070/- | 5,54,700/- |
| കണ്ണൂർ | 2,66,600/- | 8,18,551/- |
| കാസർകോഡ് | 96,900/- | 2,45,700/- |

സെക്ഷൻ ഓഫീസർ